# അതിജീവനം സമാശ്വാസ പദ്ധതി
## (കരട് മാർഗ്ഗരേഖ)

2018 മുതൽ രണ്ട് വർഷങ്ങളിൽ തുടർച്ചയായി സംഭവിച്ച പ്രകൃതി ദുരന്തങ്ങളെ തുടർന്നും 2020 മാർച്ചിൽ പടർന്ന് പിടിച്ച കോവിഡ്–19 മഹാമാരിയെ തുടർന്നും കോർപ്പറേഷനിലെ വായ്പാ കുടിശ്ശിക കാര്യമായി അധികരിച്ചിട്ടുണ്ട്. പലവിധ കാരണങ്ങളാൽ ഈ കാലയളവിൽ വായ്പാ കുടിശ്ശിക വരുത്തിയ ഗുണഭോക്താക്കളെ കൃത്യമായ തിരിച്ചടവിലേക്ക് തിരികെ കൊണ്ടുവരുന്നതിനായി "അതിജീവനം_സമാശ്വാസ പദ്ധതി" എന്ന പേരിൽ ഒരു വായ്പാ പുനഃക്രമീകരണ പദ്ധതി 2021 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി നടപ്പാക്കുന്നതാണ്. ഈ പദ്ധതി, നിലവിലുള്ള 'ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി'യുടെ അനുബന്ധ പദ്ധതിയായി ഒരു തവണ നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

ഈ വായ്പ പുനഃക്രമീകരണ പദ്ധതിയിൽ ഗുണഫലം കിട്ടുന്നതിന് യോഗ്യതയുള്ള വായ്പകളെ രണ്ട് വിഭാഗമായി തിരിക്കാം.

**വിഭാഗം –1**

01/01/2011 മുതൽ വിതരണം ചെയ്തിട്ടുള്ള, കാലാവധി പൂർത്തിയായതും എന്നാൽ തിരിച്ചടവ് പൂർത്തിയാവാത്തതുമായ (NPA-2, NPA-3) വായ്പകൾ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു.

**വിഭാഗം –2**

വായ്പാ കാലാവധി കഴിഞ്ഞിട്ടില്ലാത്ത, 1,00,000/– രൂപയ്ക്ക് മേൽ 31/12/2020 വരെ തിരിച്ചടവ് കുടിശ്ശികയുള്ള NPA-2, NPA-3 വായ്പകൾ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നതാണ്.

**"അതിജീവനം_സമാശ്വാസ പദ്ധതി" – വിശദ വിവരങ്ങൾ**

a) **വിഭാഗം –1 അപേക്ഷക** 31/12/2020 ലെ കണക്ക് അനുസരിച്ചുള്ള **കുടിശ്ശികയുടെ 25 ശതമാനവും**, **വിഭാഗം –2 അപേക്ഷക** 31/12/2020 ലെ കണക്ക് അനുസരിച്ച് **പലിശ, പിഴപലിശ, മറ്റിനങ്ങൾ, നോട്ടീസ് ചാർജ്ജ് എന്നിവയടങ്ങിയ തുകയോടൊപ്പം രണ്ട് തവണത്തുക കൂടി ചേർന്നു വരുന്ന തുക**യും ഒടുക്കിയാൽ മാത്രമേ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുകയുള്ളൂ.

b) ടി തുക ഒടുക്കുന്നതിന് അപേക്ഷാ തീയതി മുതൽ പരമാവധി 45 ദിവസത്തെ സാവകാശം അനുവദിക്കുന്നതാണ്. ഈ തുക മൂന്ന് തവണകളായി 45 ദിവസത്തിനുള്ളിൽ ഒടുക്കിയാൽ മതിയാകും.

c) ഇങ്ങനെ തുകയൊടുക്കുന്ന **വിഭാഗം –1** വായ്പാക്കാരിയുടെ വായ്പയിൽ ബാക്കി നിൽക്കുന്ന തുക 18 മാസം കൊണ്ട് അടച്ച് തീർക്കേണ്ട പുതിയ ഹ്രസ്വകാല വായ്പയായി പുനഃ ക്രമീകരിച്ച് നൽകും.

d) **വിഭാഗം –2** വായ്പാക്കാരിയുടെ നിലവിലുള്ള വായ്പയുടെ schedule പ്രകാരം ബാക്കിയുള്ള കാലയളവും പരമാവധി 18 മാസവും കൂട്ടിച്ചേർത്തു കൊണ്ട് വായ്പാ കാലയളവും, തവണത്തുകയും പുതിയ വായ്പയായി പുന:ക്രമീകരിച്ചു നൽകും.

e) അതിജീവനം സമാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പാ പുന:ക്രമീകരണം നടത്തുമ്പോൾ, വായ്പ തുകയുടെയും കാലയളവിന്റെയും പുന:ക്രമീകരണത്തിന്റെ cut of date എന്നത് 31/12/2020 ആയിരിക്കും.

f) ഇപ്രകാരം പുന:ക്രമീകരിച്ചു കിട്ടുന്ന വായ്പ പുതിയ വായ്പയായി കണക്കാക്കുന്നതാണ്. ആയതിലേക്ക് കോർപ്പറേഷനും വായ്പാക്കാരും പഴയ വായ്പ കരാറിന്റെ പ്രത്യേക അനുബന്ധ കരാർ ഒപ്പു വെയ്ക്കേണ്ടതാണ്.

g) പദ്ധതി പ്രഖ്യാപിക്കുന്ന 2021 ജനുവരി 31 നകം അപേക്ഷകൾ സമർപ്പിക്കുന്ന വായ്പാക്കാർക്ക് മാത്രമേ പദ്ധതിയുടെ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂ.

**മാനേജിംഗ് ഡയറക്ടർ**